# കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - സംസ്ഥാനത്തെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി താൽക്കാലിക ജീവനക്കാരുടെ സേവനം താല്ക്കാലികമായി ദീർഘിപ്പിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്

സ.ഉ. (സാധാ) നമ്പർ 2433/13/ആകവ          തീയതി. തിരുവനന്തപുരം 6.7.2013

പരാമർശം :- 1. 20.6.2012 ലെ സ.ഉ (കൈ) നം. 187/12/ആകവ.
2. 20.9.12 ലെ സ.ഉ (കൈ) നം. 303/12/ആകവ.
3. 05.10.12 ലെ സ.ഉ (കൈ) നം. 332/12/ആകവ.
4. 30.3.2013 ലെ സ.ഉ (കൈ) നം.118/13/ആകവ.
5. 6.6.2013 ലെ സ.ഉ (കൈ) നം. 220/13/ആകവ.

051818

### ഉത്തരവ്

സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി പരാമർശം 1 പ്രകാരം ആരോഗ്യ വകുപ്പിൽ 14 ജില്ലകളിലായി 3 മാസത്തേയ്ക്ക് താല്ക്കാലികമായി 209 ഡോക്ടർമാർ, 375 സ്റ്റാഫ് നഴ്സുമാർ, 211 ഫാർമസിസ്റ്റുമാർ, 145 ലാബ് ടെക്നീഷ്യർ, 320 ഹെൽത്ത് ഇൻസ്പെക്ടർ, 245 സ്വീപ്പർമെൻ, 397 ക്ലീനിംഗ് സ്റ്റാഫുകൾ എന്നി വിഭാഗങ്ങളിലായി 1902 പേരെ നിയമിക്കുകയും തുടർന്ന് പരാമർശം 2 ലെയും 3 ലെയും 4 ലെയും ഉത്തരവ് പ്രകാരം ഇവരുടെ കാലാവധി 3 മാസം വീതം ദീർഘിപ്പിച്ച നൽകുകയും ഉണ്ടായി. പകർച്ചപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മേൽ ജീവനക്കാരുടെ കാലാവധി പരാമർശം 5 ലെ ഉത്തരവ് പ്രകാരം ജൂൺ 17 മുതൽ 4 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചിരുന്നു. എന്നാൽ മേൽ വിഭാഗം ജീവനക്കാർ വിവിധ കാലങ്ങളിൽ ജോലിയിൽ പ്രവേശിച്ചതിനാൽ ജൂൺ 17 മുതൽ കാലാവധി ദീർഘിപ്പിച്ച എന്ന പരാമർശം അവ്യക്തത സൃഷ്ടിക്കുന്നുവെന്ന് പരാതികൾ ലഭിച്ചു.

ഗവൺമെന്റ് ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം 1 പ്രകാരം നിയമിതരാവുകയും പരാമർശം 2 ലെയും 3 ലെയും 4 ലെയും ഉത്തരവുകൾ പ്രകാരം സേവന കാലാവധി ദീർഘിപ്പിക്കുകയും ചെയ്ത 1902 താൽക്കാലിക ജീവനക്കാരുടെ സേവനം 2013 ഒക്ടോബർ 16 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം )

രാജീവ് സദാനന്ദൻ.

പ്രിൻസിപ്പൽ സെക്രട്ടറി.

✓ആരോഗ്യ വകുപ്പ് ഡയറക്ടർ. തിരുവനന്തപുരം.
✓മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ. തിരുവനന്തപുരം.
✓എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും.
✓അക്കൗണ്ടന്റ് (എ&ഇ/ആഡിറ്റ്) ജനറൽ. കേരള. തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

മേലെഴുത്ത് നം. പി.എച്ച്4-24400/13/ആ.വ.ഡ. തീ. 9-7-13 ഉത്തരവിൻ പ്രകാരം
പകർപ്പ് എല്ലാ ജില്ലാ മെഡിക്കൽ
ആഫീസർമാർക്കും അറിവിലേക്കും അനന്തര
നടപടികൾക്കായും നൽകുന്നു.

സെക്ഷൻ ഓഫീസർ